ISO:9001-2015

തെളിമയോടെ തോളൂർ

# തോളൂർ

# ബജറ്റ് 2026–27

# ആമുഖം

തോളൂർ ഗ്രാമ പഞ്ചായത്തിന്റെ 2026-2027 ലെ ബജറ്റ് ഇന്ന് അവതരിപ്പിക്കുന്നു. ഒരു മികച്ച വികസന ബഡ്ജറ്റിന്റെ എല്ലാ വശങ്ങളും നമ്മുടെ പരിധിയിൽ നിന്നുകൊണ്ട് ചെയ്തിട്ടുണ്ട്.

അടിസ്ഥാന സൗകര്യ വികസനം, കാർഷിക വികസനം ,സാമൂഹിക ക്ഷേമം, ആരോഗ്യ മേഖല സേവന മേഖല എന്നിവയ്ക്ക് ഊന്നൽ നൽകുന്നതും , സുതാര്യവും, കൃത്യമായ മുൻഗണനകൾ നിശ്ചയിച്ചിട്ടുള്ളതുമാണ്. ഇത് റോഡുകൾ , സ്കൂളുകൾ ,ആശുപത്രികൾ തുടങ്ങിയ പൊതു നിക്ഷേപങ്ങളെ പ്രോത്സാഹിപ്പിക്കുകയും സാമ്പത്തിക വളർച്ച ഉറപ്പാക്കുകയും ചെയ്യുന്നു. സമഗ്രമായ ആസൂത്രണത്തിലൂടെ ജനങ്ങളുടെ പങ്കാളിത്തം ഉറപ്പാക്കിയിട്ടുണ്ട്.

**പ്രധാന സവിശേഷതകൾ:**

**1. അടിസ്ഥാന സൗകര്യ വികസനം** (Infrastructure)

റോഡുകൾഗതാഗതംഊർജ്ജംആശയവിനിമയം തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങൾക്ക് മുൻഗണന നൽകിയിട്ടുണ്ട്.

**2. സാമൂഹിക ക്ഷേമം** (Social Welfare)

വിദ്യാഭ്യാസം ,ആരോഗ്യം പാർപ്പിടം, ശുചീകരണം തുടങ്ങിയ മേഖലകൾക്ക് ഫണ്ട് അനുവദിച്ചിട്ടുണ്ട്.

**3. സുതാര്യതയും കൃത്യതയും** (Transparency & Realism)

ചെലവുകൾ വ്യക്തമായി കണക്കാക്കിയുള്ളതും അത് ഓഡിറ്റിന് വിധേയമാക്കിയിട്ടുള്ളതുമാണ്.

**4. സമഗ്ര വികസനം** (Inclusive Development)

എല്ലാ മേഖലകളെയും സ്പർശിക്കുന്നതും സമൂഹത്തിലെ എല്ലാ വിഭാഗങ്ങൾക്കും ഗുണകരമാകുന്നതുമായ ബജറ്റാണെന്നതിൽ അഭിമാനമുണ്ട്.

**5. സുസ്ഥിരത** (Sustainability)

പരിസ്ഥിതി സൗഹൃദപരമായ വികസനത്തിന് ഊന്നൽ നൽകിയിട്ടുണ്ട്.

ചുരുക്കത്തിൽവികസന ബഡ്ജറ്റ് കേവലം കണക്കുകൾ മാത്രമല്ല; ജനങ്ങളുടെ ജീവിതനിലവാരം ഉയർത്താനും നാടിന്റെ പുരോഗതിക്കും ഉതകുന്ന ദീർഘവീക്ഷണത്തോടെയുള്ള ആസൂത്രണമാണത്.

എന്നാൽ ബഹുതല ആസൂത്രണത്തിന്റെ ഏകോപനമെന്ന കർത്തവ്യം കാര്യക്ഷമമായി നടക്കുന്നില്ല. ത്രിതല പഞ്ചായത്തുകൾ തമ്മിൽ ഏകോപനമുണ്ടാകുന്നില്ല എന്നത് വികസനത്തിന് കാലതാമസം ഉണ്ടാക്കുന്നുണ്ട്. ധനകാര്യ കലണ്ടറും, കാർഷിക കലണ്ടറും തമ്മിൽ പൊരുത്തപ്പെട്ടു പോകുന്നില്ല എന്നത് പ്രധാന മേഖലയായ കാർഷികരംഗത്തെ സാരമായി ബാധിക്കുന്നുണ്ട്. അതിനാൽ നിലവിലെ പോരായ്മകൾ കണ്ടെത്തി പരിഹരിച്ച് വരും നാളുകളിൽ ജനങ്ങളുടെ പ്രതീക്ഷയ്ക്കനുസരിച്ച് മുന്നേറുവാൻ നമുക്ക് സാധിക്കട്ടെ .

എന്ന്

ശ്രീകല കഞ്ഞുണ്ണി
പ്രസിഡണ്ട്
തോളൂർ ഗ്രാമ പഞ്ചായത്ത്.

# ബജറ്റ് അവതരണം

അഹിംസയുടേയും ആത്മപരിത്യാഗത്തിന്റെയും അനശ്വര വാക്യങ്ങൾ ലോകത്തിന്റെ' ഗാന്ധിയുടെ ഗ്രാമസ്വരാജ് സങ്കൽപ്പങ്ങളുടെ പൂർത്തികരണത്തിനായി നാം അശ്രാന്ത പരിശ്രമത്തിലാണ്.

എന്റെ ആദർശ ഗ്രാമത്തിൽ ബുദ്ധിമാനായ മനുഷ്യർ ഉണ്ടാകും. അവർ മൃഗങ്ങളെപ്പോലെ മോശം പരിതസ്ഥിതിയിലും അജ്ഞതയിലും ജീവിക്കില്ല. പുരുഷന്മാരും സ്ത്രീകളും സ്വതന്ത്രരും ലോകത്തിലെ ആരോടും എതിർത്തുനിൽക്കാൻ പ്രാപ്തരുമായിരിക്കും. " നമ്മൾ നമ്മളെത്തന്നെ സ്വയം പര്യാപ്തതയിലേക്ക് എത്തിക്കുക എന്ന ഗാന്ധിയൻ സ്വപ്നമാണ് ഓരോ ബജറ്റിന്റെയും ലക്ഷ്യം.

ടെലിവിഷനും കമ്പ്യൂട്ടറും മൊബൈൽ ഫോണുമൊക്കെ നമുക്കിപ്പോൾ ജീവവായു പോലെയാണ്. സാങ്കേതിക – വൈജ്ഞാനിക മേഖലകളിലെ കുതിച്ചു കയറ്റം രാജ്യങ്ങളുടെ അകലം കുറച്ചിരിയ്ക്കുന്നു. കാലാനുസൃതമായ മാറ്റങ്ങൾ ഉൾക്കൊള്ളാനുള്ള മനസ്സ് ഉണ്ടാക്കിയെടുക്കേണ്ടത് നമ്മുടെ കടമയാണ്.

“ഇരുപതാം നൂറ്റാണ്ടിന്റെ ഇതിഹാസം" എന്ന കൃതിയിൽ **മഹാകവി അക്കിത്തം** പറഞ്ഞ വാക്കുകൾക്ക് വർത്തമാനകാലത്ത് പ്രാധാന്യം കൈവരുന്നു. .

**"ഒരു കണ്ണീർക്കണം മറ്റുള്ളവർക്കായി ഞാൻ പൊഴിക്കവെ –**

**ഉദിക്കയാണെൻ ആത്മാവിൽ ആയിരം സൗരമണ്ഡലം**

**ഒരു പുഞ്ചിരി ഞാൻ മറ്റുള്ളവർക്കായ് ചെലവാക്കവേ**

**മനസ്സിലുലാവുന്നു നിത്യ നിർമ്മല പൗർണ്ണമി .**

**അറിഞ്ഞീലിത്രനാളും ഞാനീദ്ദിവ്യ പുളകോത്മകം,**

**ആ മഹാനഷ്ടമോർത്തോർത്തു കുലുങ്ങിക്കരയുന്നു ഞാൻ...’**

ലോകാചാരം ആവശ്യപ്പെടുന്നതു പോലെ പ്രവർത്തിക്കാതെ സമരങ്ങൾ കുടിച്ചു വറ്റിച്ച സുമനസ്സുകളുടെയും, സംരംഭകരുടേയും ജീവനുകൾ , നമ്മുടെ നാടിനെ കൂടുതൽ കൂടുതൽ ഉപഭോക്തൃത സംസ്ഥാന മാറ്റി. കാവലാളുകൾ തന്നെ കള്ളനായി മാറുന്ന കെട്ട കാലത്തും വികസനപദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുവാൻ സാധിക്കുന്നത് ശുഭോദർക്കമായ സൂചനയാണ്.

2026 – 27 വർഷത്തേയ്ക്കുള്ള ബജറ്റിൽ കാർഷിക മേഖല, ആരോഗ്യ മേഖല, കുടിവെള്ള പദ്ധതികൾ ഹാപ്പിനസ് പാർക്ക് എന്നിവയ്ക്കാണ് ഊന്നൽ കൊടുത്തിരിക്കുന്നത്.

മനുഷ്യനാകണമെന്ന സൂക്തങ്ങൾ ഉരുവിട്ടു ചൊല്ലിയതു കൊണ്ടു മാത്രം വളരണമെന്നില്ല; മാനവികത മനസ്സിലുണ്ടാകണം. ഗുരുദേവൻ പറഞ്ഞപ്പോലെ" അവനവനാത്മസുഖത്തിനാചരിക്കുന്നവയപരന്ന് സുഖത്തിനായ് വരേണം" എന്ന സഹജാവബോധത്തിലൂന്നിയായിരിക്കണം നമ്മുടെ എല്ലാ നിർമ്മിതികളും. അതിന്,

ശബ്ദമില്ലാത്തവരുടെ ശബ്ദവും കാഴ്ചയില്ലാത്തവരുടെ കാഴ്ചയുമാകണം നാം ഓരോരുത്തരും. നന്മയുടെയും കാരുണ്യത്തിന്റെയും ഉറവ വറ്റാത്തവരായി നാം തീർന്നാൽ ലോകം സമ്പുഷ്ട സുന്ദരവും സന്തോഷമുള്ളതുമായിരിക്കും. നിലവിലെ മനുഷ്യ - പ്രകൃതി വിഭവങ്ങളെ നാളെയുടെ നന്മലക്ഷ്യമാക്കി അനുയോജ്യമാംവിധം ഒരുക്കി തീർക്കുക എന്നതു തന്നെയായിരിക്കണം ഓരോ ഭരണാധികാരികളുടേയും ചിന്താ പദ്ധതിയിൽ ഉണ്ടായിരിക്കേണ്ടത്. ഈ ഭരണ സമിതി നിലവിൽ വന്നതിനു ശേഷമുള്ള ആദ്യത്തെ ബജറ്റാണ് ഞാൻ അവതരിപ്പിക്കുന്നത്. മുൻ വർഷങ്ങളിൽ ഈ ഗ്രാമ പഞ്ചായത്തിന്റെ വികസന പ്രവർത്തനങ്ങളിൽ പങ്കാളികളായ നല്ലവരായ എല്ലാ മഹത് വ്യക്തികളെ സ്മരിച്ചു കൊണ്ടും, എല്ലാ വിഭാഗങ്ങളേയും മുൻഗണനാ ക്രമത്തിൽ പരിഗണിച്ചിട്ടുണ്ടെന്നും സംതുലിതാവസ്ഥ പാലിക്കുവാൻ സാധിച്ചുവെന്ന് ഉറപ്പുവരുത്തികൊണ്ടുമുള്ള 2026-2027 ബജറ്റ് ഞാൻ ഇന്നിവിടെ അവതരിപ്പിക്കുന്നു.

എന്തുകൊണ്ടും കൃഷിചെയ്യാൻ അനുയോജ്യമായ ഭൂമിശാസ്ത്രമാണ് നമ്മളുടേത്. എന്നാൽ ഇന്ന് താൽപര്യങ്ങൾ കുറയുകയും, സ്വയം പര്യാപ്തത നഷ്ടമാവുകയും ചെയ്യുന്നത് ദൂരവ്യാപകമായ ദൂഷ്യഫലങ്ങൾക്കു കാരണമാകും. ഒരുകാലത്ത് ഇന്ത്യയിൽ ഏറ്റവും കൂടുതൽ നെല്ല് ഉല്പാദിപ്പിച്ചത് കേരളത്തിലായിരുന്നു. അന്ന് കേരളം മറുനാടുകളിലേക്ക് ധാരാളം ധാന്യങ്ങളും പച്ചക്കറികളും കയറ്റുമതി ചെയ്തിരുന്നു. എന്നാൽ ഇന്ന് ഏറ്റവും കൂടുതൽ സാധനങ്ങൾ ഇറക്കുമതി ചെയ്യുന്നതും കേരളത്തിലാണ്. കേരളം കൃഷിയിൽ നിന്ന് വളരെ അകന്നിരിക്കുന്നു.

തോളൂർ പഞ്ചായത്ത് ഒരു കാർഷിക ഗ്രാമമാണ്. പുതിയ ജീവിത സാഹചര്യങ്ങളുടെ വേലിയേറ്റത്തിൽപ്പെട്ട് നമുക്ക് കൈമോശം വന്ന വീട്ടു കൃഷി അഥവാ കുടുംബ കൃഷി പുനരുജ്ജീവിപ്പിച്ചാലെ കേരളത്തിൻ്റെ കാർഷിക പൈതൃകവും ഭക്ഷ്യസുരക്ഷയും നമുക്കു നിലനിർത്താനാവുകയുള്ളൂ നിലവിലെ സാഹചര്യങ്ങളെ പഠിച്ചു കൊണ്ടും, കഴിഞ്ഞ കാലങ്ങളിലെ അനുഭവങ്ങളുടെ പശ്ചാത്തലത്തിലുമാണ് നാം പദ്ധതികളെ വിഭാവനം ചെയ്തിരിക്കുന്നത്. ആയതിനാൽ ഈ ബജറ്റ് സമഗ്രവികസന കുതിപ്പിന് അനുപൂരകമായി തീരും എന്നു പ്രതീക്ഷിക്കുന്നു.

## 1. കാർഷിക മേഖല :

ലോകത്തെ എല്ലാ സംസ്കാരവും ഉടലെടുത്തത് കൃഷിയിൽ നിന്നാണ്. പ്രകൃതിയിൽ നിന്നും മനുഷ്യൻ നേരിട്ട് പഠിച്ചതാണ് കൃഷി. മലയാളി സംസ്കാര സമ്പന്നനായത് കൃഷിയുടെ നന്മകൊണ്ടാണ്. കൃഷിയുടെ സൗന്ദര്യം തന്നെയുള്ള നാടാണ് കേരളം. നെൽകൃഷിയും നാളികേരവും പ്രധാന കൃഷിയിനങ്ങളായ കേരളത്തിന് ഇന്ത്യയുടെ കാർഷിക സമ്പത്ത് വ്യവസ്ഥയിൽ നിന്ന് ഒഴിവാക്കാനാവാത്ത സ്ഥാനമുണ്ട്.നമുക്ക് സ്വന്തമായ കൃഷിയറിവുകളുണ്ടായിരുന്നു. കേരളത്തിന് ഇതിൽ അദ്വിതീയ സ്ഥാനമുണ്ട് എന്ന് നമുക്കഭിമാനിയ്ക്കാം

ഇന്ത്യയിലെ കാർഷികസൂത്രണ പദ്ധതികളെ ഇങ്ങനെതരം തിരിക്കാം. പാഴ്നിലങ്ങൾ ഉപയോഗയോഗ്യമാക്കുക, വെള്ളക്കെട്ടുള്ള നിലകൾ വികസിപ്പിച്ചെടുക്കുക, മഴവെള്ളം സംഭരിച്ച് ജലസേചനത്തിനായി ഉപയോഗിക്കുക, ജലസേചന സൗകര്യങ്ങൾ വർദ്ധിപ്പിക്കുക,പ്രകൃതി വിഭവങ്ങളുടെ ഉപയോഗവും സംരക്ഷണവും സംരക്ഷിക്കുക,

മൂല്യവത്കരിക്കുക. സംഭരണശാലകൾ ലഭ്യമാക്കുക എന്നീ ലക്ഷ്യങ്ങൾക്കാണ് പ്രധാനമായും മുൻഗണന നൽകുന്നത്. അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾ പരിധിയ്ക്കുള്ളിൽ നിന്നു കൊണ്ട് തുക അനുവദിച്ചിട്ടുണ്ട്. കൃഷിയുടെയും അനുബന്ധനത്തിന് വേണ്ടി നാം 42,49,333/– രൂപ നീക്കിവെച്ചിരിക്കുന്നു.

**2. ആരോഗ്യ മേഖല :**

സമൂഹത്തിലെ പാവപ്പെട്ടവർക്ക് ആരോഗ്യ പരിരക്ഷ ലഭിക്കുവാൻ ഹോമിയോപ്പതി, ആയുർവേദം ,അലോപ്പതി തുടങ്ങിയ ചികിത്സാ പദ്ധതികൾവളരെ കാര്യക്ഷമമായി തന്നെ പഞ്ചായത്തിൽ പ്രവർത്തിച്ചുവരുന്നു. അതിൽ ഏറ്റവും പ്രധാനപ്പെട്ടതാണ് ഡയാലിസിസ് രോഗികൾക്ക് നമ്മുടെ സി എച്ച് സി വഴി കൊടുക്കുന്ന പരിരക്ഷകൾ ശ്ലാഘനീയം തന്നെയാണ്. കൂടുതൽ അശരണരായ അവരിലേക്ക് സേവനം എത്തിക്കുവാൻ കൂടുതൽ ശ്രമിക്കേണ്ടതുണ്ട് . ആരോഗ്യ മേഖലയിലേക്ക് 44,02,900/– രൂപ നീക്കിവച്ചിരിക്കുന്നു

**3. ഹാപ്പിനസ് പാർക്ക് :**

ഒരു പഞ്ചായത്തിന്റെ ഹൃദയഭാഗത്ത് രൂപം കൊള്ളുന്ന ഹാപ്പിനസ് പാർക്ക് വെറും വിനോദസ്ഥലം മാത്രമല്ല; മനുഷ്യ മനസ്സുകൾക്ക് ആശ്വാസവും സമൂഹജീവിതത്തിന് പുതുജീവനും പകരുന്ന ഒരു സാമൂഹിക സങ്കൽപ്പമാണ്. തിരക്കുകളും സമ്മർദ്ദങ്ങളും നിറഞ്ഞ ദൈനംദിന ജീവിതത്തിൽ, പച്ചപ്പിനിടയിൽ നിശബ്ദമായി നടന്നു പോകാനും തുറന്ന വേദികളിൽ ചിരിയും സംഭാഷണവും പങ്കിടാനും കഴിയുന്ന ഈ പാർക്ക്, മാനസികോല്ലാസത്തിന് കരുത്തേകും. തലമുറകളെ ഒന്നിപ്പിക്കുന്ന സഹവർത്തിത്വത്തിന്റെ വേദിയായി ഇത് മാറുമ്പോൾ, കുട്ടികളുടെ കളിയും മുതിർന്നവരുടെ അനുഭവവിനിമയവും യുവജനങ്ങളുടെ സൗഹൃദ കൂട്ടായ്മകളും ഇവിടെ സ്വാഭാവികമായി വിരിയും. അതോടൊപ്പം, ചെറിയ ഭക്ഷണശാലകൾ, സ്റ്റാളുകൾ, പ്രാദേശിക കലാകാരന്മാരുടെ അവതരണങ്ങൾ തുടങ്ങിയവക്ക് വഴിയൊരുക്കി, ചെറുകിട വ്യാപാര സാധ്യതകൾക്കും തൊഴിൽ അവസരങ്ങൾക്കും ഈ ഹാപ്പിനസ് പാർക്ക് പുതിയ ദിശകൾ തുറക്കും. ഇങ്ങനെ, സാമൂഹിക ബന്ധങ്ങളെ ഊട്ടിയുറപ്പിക്കുകയും സാമ്പത്തിക ചലനങ്ങളെ ഉത്തേജിപ്പിക്കുകയും ചെയ്യുന്ന ഈ പദ്ധതി, പഞ്ചായത്തിന്റെ സമഗ്ര വികസനത്തിനുള്ള ഒരു മാനവിക നിക്ഷേപമായി മാറും. അതിലേയ്ക്കായി ഈ ബജറ്റിൽ നിന്ന് 20,00,000/– രൂപ നീക്കി വച്ചിരിക്കുന്നു.

**4. റോഡുകളുടെ നവീകരണവും, നിർമ്മാണവും :**

നമ്മുടെ പഞ്ചായത്തിലെ ഗ്രാമീണ റോഡുകളും, പ്രധാന പാതകളും വളരെ സഞ്ചാരയോഗ്യമാണ്. മറ്റു പല പരിസര പ്രദേശങ്ങളിലെ റോഡുകളുടെ ശോച്യാവസ്ഥ കാണുമ്പോൾ നമ്മുടെ പഞ്ചായത്തിലെ ഭരണാധികാരികാരികളുടെ കാര്യക്ഷമതയും, വികസന കാഴ്ചപ്പാടും വ്യക്തമാകുകയുള്ളൂ. സമായാ സമയങ്ങളിൽ റോഡിന്റെ അറ്റ കുറ്റ പണികൾ തീർക്കുവാൻ കാര്യമായ ശ്രദ്ധ നമ്മൾ പതിപ്പിക്കുന്നു. റോഡുകളുടെ നവീകരണത്തിനും, പുനർ നിർമ്മാണത്തിനുമായി ഈ ബജറ്റിൽ 1,47,07,000/– രൂപ നീക്കിവെച്ചിരിക്കുന്നു.

**5. ഘടക സ്ഥാപനങ്ങളുടെ സംരക്ഷണവും വികസനവും :**

ഘടക സ്ഥാപനങ്ങളായ മൃഗാശുപത്രി, കൃഷിഭവൻ , ഹോമിയോ ഹോസ്പിറ്റൽ, സി.എച്ച് സി യുടെ പ്രവർത്തനം എന്നതിലേക്കായി ഈ ബജറ്റിൽ **1,04,30,000/-** രൂപ നീക്കവച്ചിരിക്കുന്നു.

**6. പട്ടികജാതി വിഭാഗം വികസനം :**

സർവ്വമേഖലയിലും പട്ടികജാതി പട്ടിക വർഗ്ഗ വിഭാഗങ്ങൾ ഇന്നും പ്രഥമ ഗണനീയർ തന്നെയാണ്. സാമ്പത്തികവും, സാസ്കാരികവും വിദ്യാഭ്യാസപരവുമായ മുന്നേറ്റത്താൽ അവർ പുതു ചരിത്രങ്ങൾ സൃഷ്ടിച്ചു കൊണ്ടിരിക്കുന്നു. അവശതയുടെ ശബ്ദത്തിനു പകരം അവകാശങ്ങളുടേയും അധികാരങ്ങളുടെയും ഉറച്ച സ്വരങ്ങളാണ് നമ്മൾ കേട്ടുകൊണ്ടിരിക്കുന്നത് എന്നത് ആശാവഹം തന്നെയാണ്. പ്രസ്തുത വിഭാഗങ്ങളുടെ ഉന്നമനത്തിനായി ശബ്ദിച്ച മഹാരഥനായ ഗാന്ധിജിയുടെ സ്വപ്നങ്ങളുടെ പൂർത്തികരണത്തിന് വേഗത കൂട്ടുവാൻ ഈ ബഡ്ജറ്റിൽ **75,33,000/-** രൂപ തുക നീക്കിവെച്ചിരിക്കുന്നു.

**7. വെളിച്ചം വിതറുന്ന വഴിവിളക്കുകൾ :**

തോളൂർ പഞ്ചായത്തിന്റെ മുക്കിലും മൂലയിലും വഴി വിളക്കുകൾ രാത്രികാലങ്ങളിൽ പ്രകാശിച്ചുകൊണ്ടിരിക്കുന്നു. തോളൂർ പഞ്ചായത്തിന്റെ അതിർത്തിലേക്ക് രാത്രികാലങ്ങളിൽ പ്രവേശിച്ചു കഴിഞ്ഞാൽ തന്നെ കാതലായ മാറ്റം പ്രകടമാകും വിധമാണ് വഴി വിളക്കുകളുടെ സംരക്ഷണം . ഭയരഹിതമായി യാത്ര ചെയ്യുവാൻ സുഗമമായ റോഡുകളോടൊപ്പം വഴി വിളക്കുകളുടെ കാര്യത്തിലും എല്ലാ അംഗങ്ങളും ശ്രദ്ധപതിപ്പിക്കുന്നുണ്ട്. എം പി, എം എൽ എ വികസന ഫണ്ടിൽ നിന്നും അനുവദിച്ചു തന്ന ഹൈമാസ്റ്റ്, മിനി ഹൈമാസ്റ്റ് വിളക്കുക ഗ്രാമീണ റോഡുകളിൽ വെളിച്ചം വിതറി നിൽക്കുന്നത് ആനന്ദകരമായ കാഴ്ചയാണ്. അവ കൃത്യമായി സംരക്ഷിച്ചു പോരുന്നതിനായി ഈ ബഡ്ജറ്റിൽ **6,50,000/-** രൂപ ഉൾകൊള്ളിച്ചിരിക്കുന്നു.

**8. സ്ത്രീ ശാക്തീകരണം.**

ഭരണഘടനയും, നിയമ നിർമ്മാണസഭകളും, നയങ്ങളും, പദ്ധതികളും, പരിപാടികളും, ബന്ധപ്പെട്ട പ്രവർത്തനങ്ങളും വിഭാവനം ചെയ്ത ലക്ഷ്യങ്ങളും, ഭാരതത്തിലെ സ്ത്രീകളുടെ യഥാർത്ഥ അവസ്ഥയും തമ്മില് വലിയ അന്തരം നിലനിൽക്കുന്നു.

വികസനം, പുരോഗമനം, സ്ത്രീശാക്തീകരണം എന്നീ പദ്ധതികളിലൂടെ പങ്കാളിത്തം ഉറപ്പാക്കി അനുകൂലമായ സാമ്പത്തിക സാമൂഹിക നയങ്ങളിലൂടെ സ്ത്രീകൾക്കു അവരുടെ കഴിവുകളും, തൊഴിൽ സാദ്ധ്യതകളും, പുരോഗതിയും ഉറപ്പാക്കുവാൻ ഈ ബഡ്ജറ്റിൽ **22,00,375/-** രൂപ ഉൾപ്പെടുത്തിയിരിക്കുന്നു.

**9. ലൈഫ് പദ്ധതി :**

അപശ്രുതികൾ പൊങ്ങുന്ന " ലൈഫ് "ഒരു ശാപമായും മറ്റുള്ളവർക്ക് പരിഹാസ വസ്തുവുമായി മാറുന്നത് വേദനാജനകം തന്നെയാണ്.

സാർത്ഥകമായ ഒരു ജീവിതത്തിന് സുരക്ഷിതമായ ഒരു കൂടാരം അനിവാര്യമാണ്. വീടില്ലാത്തവർക്കും, വാസയോഗ്യമായ ഭവനങ്ങൾ ഇല്ലാത്തവരുടേയും കണ്ണീരൊപ്പാനും സാന്ത്വനമേകാനും ലൈഫ് പദ്ധതിയ്ക്ക് വേണ്ടി 97,00,000/- രൂപ നീക്കി വെച്ചിരിക്കുന്നു.

**10. അശരണരായ രോഗികൾക്ക് സഹായം :**

വീട്ടുകളിൽ ചെന്ന് അവശതയും വേദനയും അനുഭവിക്കുന്ന രോഗികൾക്ക് പരിചരണമേകുവാനും, ആരോഗ്യ പ്രവർത്തകർ നിതാന്ത ജാഗ്രത പാലിക്കുന്നുണ്ട്.

അവർക്ക് മരുന്നു വാങ്ങുന്നതിനും പാലിയേറ്റീവ് കെയറിന്റെ സുഗമമായ പ്രവർത്തനങ്ങൾക്കുമായി 10,50,000/- രൂപ മാറ്റിവെച്ചിരിക്കുന്നു.

**11. ക്ഷീരവ്യവസായവും മൃഗസംരക്ഷണ പദ്ധതികളും :**

ക്ഷീരകർഷകരുടെ ക്ഷേമത്തിനും, അവരുടെ വരുമാന മാർഗ്ഗത്തിന് തടസ്സവും , പ്രവൃത്തികളിൽ നിരാശയും ബാധിച്ചു കഴിഞ്ഞാൽ നിരവധി കുടുംബങ്ങളുടെ ആശ്രയ കേന്ദ്രമായ ക്ഷീരവ്യവസായത്തിന് കാര്യമായ കോട്ടം സംഭവിക്കും.

ക്ഷീരവ്യവസായത്തെ പ്രോൽസാഹിപ്പിക്കുവാനും, വരുമാനത്തിനായി മൃഗങ്ങളെ വളർത്തുന്നതിനും, സംരക്ഷിക്കുന്നതിനുമായി ഈ ബഡ്ജറ്റിൽ 10,00,000/- രൂപ നീക്കി വെച്ചിരിക്കുന്നു.

**12. കുടിവെള്ള പദ്ധതികൾ :**

പാടശേഖരങ്ങൾക്ക് ആവശ്യമായ വെള്ളം സംഭരിക്കുന്നതു കൊണ്ടും, യഥാസമയം വെള്ളത്തെ കെട്ടിനിർത്തി ശേഖരിക്കുന്നതിനാലും കടുത്ത വേനലിൽ ചിലയിടങ്ങളിൽ കുടിവെള്ളക്ഷാമം ഉണ്ടാകാറുണ്ട്. നിരവധി കുടിവെള്ള പദ്ധതികൾ കാര്യക്ഷമമായി തന്നെ പ്രവർത്തിച്ചു വരുന്നു. മറ്റു തദ്ദേശ സംവിധാനങ്ങളുടെ സഹായത്തോടെയും ക്ഷാമം പരിഹരിക്കാൻ ശ്രമിച്ചു വരുന്നു. അതിനാൽ കുടിവെള്ള പദ്ധതികളുടെ പ്രരോഗതിക്കായി 5,00,000/- രൂപ ഉൾക്കൊള്ളിച്ചിരിക്കുന്നു.

**13. യുവജനങ്ങൾ, ക്ലബ്ബുകൾ കലാ സാംസ്കാരികം :**

ഓരോ പ്രദേശത്തെ കൂട്ടായ്മകളാണ് ആ ഭാഗത്തെ നല്ലതായ സാമൂഹ്യ- സാംസ്കാരിക പ്രതലത്തിന് ഒരുക്കുകൂട്ടുന്നത്. ഒട്ടേറെ ദുരന്തങ്ങൾക്ക് ഇന്നത്തെ യുവത വളമിട്ടുകൊണ്ടിരിക്കുന്നു. ലഹരിയുടെ ഉപയോഗം, അധാർമ്മിക പ്രവർത്തനങ്ങൾ, ബുദ്ധിശൂന്യവും വൈകൃത ചിന്തകളും പേറി താന്തോന്നികളായ നടക്കുന്നവർക്കെതിരെ അധികാരികൾ ശബ്ദിക്കുന്നുണ്ടെങ്കിലും ക്ലബ്ബുകളുടെ കാര്യക്ഷമമായ പ്രവർത്തനം നന്മയൂറുന്ന ബുദ്ധികേന്ദ്രങ്ങളെ സൃഷ്ടിക്കുന്നു

"പാപിയുടെ കനൽ ഊതി വീർപ്പിക്കരുത് അതിൻറെ ജ്വാലയിൽ നീ ദഹിച്ചു പോകും" എന്ന് ബൈബിളിൽ പ്രഭാഷകൻ്റെ 8-10 വാക്യം പറയുന്നു. അസാന്മാർഗിക പ്രവർത്തനങ്ങളിൽ കുഞ്ഞുങ്ങൾ എത്തിച്ചേരാതിരിക്കാനും അഥവാ എത്തിചേർന്നു കഴിഞ്ഞാൽ അവരെ തള്ളിക്കളയാതെ കുടുംബത്തോടും സജ്ജനങ്ങളോടും കൂടി

ചേർത്തുപിടിക്കാൻ ശരിയായ ബോധവൽക്കരണം അനിവാര്യമാണ്. എന്നാൽ ഇന്ന് കർശനമായ മദ്യനിരോധന നയത്തിനു പകരം ബാറുകളുടെ എണ്ണം വർദ്ധിപ്പിച്ചും, സമയ ക്രമങ്ങൾ നീട്ടി കൊടുത്തും ധനമാർഗ്ഗങ്ങൾ കണ്ടുപിടിക്കുന്നത് ഇന്നാട്ടിലെ കുടുംബങ്ങളെ ശിഥിലമാക്കുന്ന പ്രവണതയാണെന്ന് പറയാതിരിക്കാൻ സാധിക്കില്ല. മദ്യനിരോധനത്തെ പ്രോൽസാഹിപ്പിക്കുന്നവർ തന്നെ മദ്യവ്യവസായത്തെ പരിപോഷിപ്പിക്കുക എന്നത് കാപട്യമാണ്. ഇതിലൂടെ കർമ്മശേഷിയുള്ള തലമുറ കരിഞ്ഞുണങ്ങുന്ന ദുഃഖകരമായ കാഴ്ച കാണേണ്ടിവരും. അതിനാൽ ലഹരിയുടെ വരുമാനത്തിലൂടെ ധനസ്ഥിതി കണ്ടെത്തുന്നവരെ തുറന്നു കാട്ടുവാനും , കൂടുതൽ സമയം യുവജനങ്ങൾക്കു കലാ കായിക സാംസ്കാരിക പ്രവർത്തനത്തിൽ ഏർപ്പെടുവാൻ അവസരം നൽകുക വഴി നാടിന് യശസ്സു വർദ്ധിക്കുകയും, വ്യക്തിവികാസത്തിലൂടെ രാജ്യ പുരോഗതിക്ക് അവർ പ്രാപ്തരാകുകയും ചെയ്യും.

യുവജനങ്ങൾ; ക്ലബ്ബുകൾ കല, കായിക പരിശീലനങ്ങൾ എന്നിവക്കായി 10,75,000/- രൂപ നീക്കി വച്ചിട്ടുണ്ട്.

14. വയോജനങ്ങൾ, അഗതികൾ :

മുതിർന്ന പൗരന്മാർ അനുഭവ പരിചയമുള്ള മനുഷ്യവിഭവശേഷി എന്നനിലയിൽ നമ്മൾ പ്രയോജനപ്പെടുത്തേണ്ടതും പരിഗണിക്കേണ്ടതുമുണ്ട്. അവരുടെ യൗവനകാലങ്ങൾ ഒരു കുടുംബത്തിൻ്റെ നിലക്കാത്ത ധന പ്രവാഹ കേന്ദ്രങ്ങളായിരുന്നു .ജീവിതത്തോടൊപ്പം ആരംഭിച്ച് ജീവിതചക്രം പൂർത്തിയാകുന്നതുവരെ തുടരുന്ന ഒരു പ്രക്രിയയാണ് വാർദ്ധക്യം. ഇത് വെല്ലുവിളികളും അവസരങ്ങളും പ്രദാനംചെയ്യുന്നു.

അവർക്ക് സംരക്ഷണമൊരുക്കേണ്ടത് നാടിന്റെ കടമയാണ്. നാടിന്റെയും കുടുംബത്തിന്റെയും ക്ഷേമത്തിനായി സമർപ്പിച്ച ജീവിതം, തള്ളപ്പെട്ടും തഴയപ്പെട്ടും കിടക്കുന്നത് വേദനാജനകമാണ്. പരിമിതമായ അവസ്ഥയിൽ അവരെ പരിഗണിച്ചു കൊണ്ട് വയോജനങ്ങളുടെ ക്ഷേമത്തിനായി 12,26,450/- രൂപ നീക്കിവെച്ചിരിക്കുന്നു

15. ശുചിത്വം :

മാലിന്യങ്ങൾ ഉണ്ടാകാതിരിക്കില്ല എന്ന സത്യം മനസ്സിലാക്കിക്കൊണ്ടുതന്നെ അവ എങ്ങനെ ഭംഗിയായി സംസ്കരിച്ച് ഉപ ഉൽപ്പന്നങ്ങളാക്കി മാറ്റി വരുമാനമാക്കി മാറ്റാം എന്ന് ഇന്ന് നടപ്പാക്കി വരുന്ന പദ്ധതികളാണ്. ആരോഗ്യകരമായ ജീവിതത്തിനും പരിസ്ഥിതി സംരക്ഷണത്തിനും ശുചിത്വം നിർബന്ധമായും ശീലിക്കേണ്ടതാണ്. ശുചിത്വ പദ്ധതിക്കുവേണ്ടി ഈ ബഡ്ജറ്റിൽ 25,18,780/- രൂപ നീക്കി വെച്ചിരിക്കുന്നു.

16. വിദ്യാഭ്യാസം :

വിദ്യാലയങ്ങളുടെ മാതൃസ്ഥാനം വഹിക്കുന്നതാണ് നമ്മുടെ ഗ്രാമത്തിലെ സ്കൂളുകൾ .വിദ്യ, ഒരു ശക്തിയേറിയ ഉപകരണമാണ്.ഉത്തരവാദിത്വബോധമില്ലാതെ നേടുന്ന അറിവ് ആപൽക്കരമാണ്. ലോകത്ത് പല നാശങ്ങൾക്കും കാരണം ഈ അറിവിലെ കുറവുതന്നെയാണ്. ചുമതലാബോധം, സഹജീവികളോടു കരുണ, സമസ്തജീവജാലങ്ങളോടും സ്നേഹം ഇവയെല്ലാം നൽകാത്ത വിദ്യ മനുഷ്യനെ വിനാശത്തിലേക്കാണു നയിക്കുന്നത്.

അതിനാൽ നമ്മുടെ പഞ്ചായത്തിലെ സ്കൂളുകളുടെ കാര്യക്ഷമമായ പ്രവർത്തനത്തിന് അതീവ ശ്രദ്ധ പുലർത്തുന്നുണ്ട്. പ്രത്യേകിച്ചും സർക്കാരിന്റെ കീഴിലുള്ളവ. അവകാശമായ വിദ്യാഭ്യാസം അനായാസേന സ്വായത്തമാക്കുവാൻ വേണ്ടുന്ന പരിസരം നമ്മൾ ഒരുക്കേണ്ടതുണ്ട്. വിദ്യാലയങ്ങളുടെയും, വിദ്യാർത്ഥികളുടേയും ക്ഷേമത്തിനായി ഈ ബഡ്ജറ്റിൽ **44,20,000/-** രൂപ നീക്കി വെച്ചിരിക്കുന്നു.

**17. അംഗൻവാടികൾ :**

അംഗൻവാടിയുടെ പ്രവർത്തനങ്ങൾക്കായ **47,45,950/-** രൂപ നീക്കി വച്ചിരിക്കുന്നു.

**18. ഓഫീസ് നിർവ്വഹണം :**

ജനന സർട്ടിഫിക്കറ്റ് മുതൽ മരണ സർട്ടിഫിക്കറ്റ് വരെ നീളുന്ന ബ്യൂറോക്രസിയുടെ കരങ്ങളിലൂടെയാണ് ഒരു പൗരന്റെ ജീവിതം രേഖപ്പെടുത്തുന്നത്. തന്റെ വീട് ഭൂമി , സ്വത്തുക്ക തൊഴിൽ എന്നു വേണ്ട സമൂഹത്തിൽ വ്യക്തി നടത്തുന്ന മിക്ക ക്രയവിക്രയങ്ങളും വ്യവഹാരങ്ങളും ബ്യൂറോക്രസിയുടെ സമ്മതവും കാരുണ്യവും ആവശ്യപ്പെടുന്നു. മനുഷ്യത്വപരമായ സമീപനം ഉണ്ടെങ്കിൽ മാത്രമേ ഈ സമൂഹത്തിന്റെ പ്രശ്നങ്ങളിൽ പരിഹാരം കാണാൻ സാധിക്കൂ.

ഇ. വാസുവിന്റെ ചുവപ്പുനാട എന്ന നോവലിൽ ഒരു സർക്കാർ ഓഫീസിലെ കാര്യങ്ങൾ ഇങ്ങനെ പറയുന്നു.

"മെനക്കെട്ടിരുന്ന് എല്ലാവരും എഴുതിക്കൂട്ടുന്നു. എഴുതുന്നതിന്റെ മുക്കാലും വെട്ടിക്കളയുന്നു. ആവശ്യമില്ലാത്തത് കൂട്ടി ചേർക്കുന്നു. ആവർത്തിച്ചും. വലിച്ചു നീട്ടിയും അർത്ഥശൂന്യമാക്കപ്പെട്ട വാചകങ്ങൾ. ഇൻസ്പെക്ടർ , ഓഡിറ്റ്,, റണ്ണിങ്ങ് നോട്ട് , സ്റ്റേറ്റ്മെന്റുകൾ, മാസാവലോകനം, എല്ലാം മുറയ്ക്ക് നടക്കുന്നു. എന്നിട്ടും കുന്നു കൂടി അജ്ഞതയുടെ മാപ്പുസാക്ഷികളായി ചീർത്തു വരുന്ന ഫയലുകൾ". ഈ ചീർത്തു വരുന്ന ഫയലുകളിൽ ഓരോ ജീവിതമുണ്ടെന്നും അവ കാര്യക്ഷമമായി പരിഹരിക്കേണ്ടവർ ഉദ്യോഗസ്ഥർ തന്നെയാണെന്നും തിരിച്ചറിയേണ്ടതുണ്ട്.

വചനം രൂപമാകുന്നതു പോലെ എല്ലാ പ്രവർത്തനങ്ങൾക്കും പിന്നിൽ ഒരു ചാലകശക്തിയായി കയ്യും മെയ്യും മറന്ന് പ്രവർത്തിക്കുന്ന ഒരു കൂട്ടം ആൾക്കാരുണ്ട്. അവരാണ് ഈ സ്വപ്നത്തിന്റെ, വിശ്വാസത്തിന്റെ , നവ സൃഷ്ടികളുടെ നിദാനം. ഭദ്രതയുള്ള ഒരു ഓഫീസ് നിർവ്വഹണത്തിലൂടെ കൃത്യമായ കണക്കുകളും, പദ്ധതികളും സമയാസമയങ്ങളിൽ സമർപ്പിക്കുക വഴി തടസ്സമില്ലാതെ നിശ്ചയിച്ച പോലെ നടക്കുന്നതിൽ സന്തോഷമുണ്ട്. കൃത്യമായ കണക്കുകൾ അധികാരികൾക്കു ബോധിപ്പിക്കാതെ അവഗണയുടെ മന്ത്രങ്ങളുമായി സമരത്തിനിറങ്ങുമ്പോൾ കാലം കരുതിവച്ച ശിക്ഷ ഏതു വലിയ ശക്തനായ ഭരണാധികാരിയെങ്കിലും അനുഭവിക്കേണ്ടി വരുമെന്ന് ചരിത്രത്താളുകളിൽ കാണാം. നമ്മുടെ ഓഫീസിന്റെ കാര്യക്ഷമവും സുഗമവുമായ പ്രവർത്തനത്തിനായി. **24,50,000/-** രൂപ വകവച്ചിരിക്കുന്നു.

"ദാരിദ്ര്യത്തേക്കാൾ വലിയ ദു:ഖമില്ല. എന്നാൽ കരുണാ വിഹീനനും, രാജനീതി ഒട്ടും പാലിക്കാത്തവനുമായ രാജാവിനാൽ ഭരിക്കപ്പെടുന്ന ജനങ്ങൾക്ക് സമൃദ്ധിയുണ്ടായിരിക്കാമെങ്കിലും, ദാരിദ്ര്യത്തേക്കാൾ കൊടിയ ദുരിതമുണ്ടാകും. എന്തെന്നാൽ "അധാർമ്മികനായ രാജാവായതുകൊണ്ട് നാട്ടിൽ സമ്പത്ത് സുരക്ഷിതമല്ലാതാകും. ക്ഷേമ ഐശ്വര്യങ്ങൾ ഇല്ലാതാകും. രാജാവ് അധിക നികുതി ചുമത്തി സമ്പത്ത് കൈക്കലാക്കുകയും ചെയ്യും" എന്ന് തിരുക്കുറലിൽ പറയുന്നു. ഇത് ഭരണകർത്താക്കൾ എങ്ങനെയിരിക്കണം എന്നതിന്റെ സൂചകങ്ങളാണ്.

ഓരോ ഭരണാധികാരിയും ജനക്ഷേമ തൽപരരായിരിക്കണം. പൊതുജന സേവകരായിക്കണം. പണക്കാരന്റെ അത്യാഗ്രഹങ്ങൾ സഫലമാക്കിയില്ലെങ്കിലും

പണിക്കാരന്റെ അത്യാവശ്യങ്ങൾ നിറവേറ്റപ്പെടുവാൻ ശ്രമിക്കുക തന്നെ വേണം.

**എല്ലാവരുടേയും ആവശ്യങ്ങൾ നിറവേറ്റാൻ വേണ്ടതെല്ലാം പ്രകൃതിയിൽ തന്നെയുണ്ട്. എന്നാൽ ആരുടേയും അത്യാഗ്രഹം ശമിപ്പിക്കാൻ ഉള്ളത് ഒരിടത്തുമില്ല. ക്രമരഹിതവും പ്രകൃതി വിരുദ്ധവുമായ രീതിയിൽ അവ ഉപയോഗിക്കുന്നില്ല എന്ന് ഉറപ്പുവരുത്തേണ്ടത് നമ്മളാണ് എന്ന് സൂചിപ്പിച്ചു കൊണ്ട് ഈ ബഡ്ജറ്റ് നിങ്ങളുടെ മുന്നിൽ അംഗീകാരത്തിനായി സമർപ്പിക്കുന്നു.**

**പി.യു. ലിൻസൻമാസ്റ്റർ**<br>
**വൈസ് പ്രസിഡണ്ട്**<br>
**തോളൂർ ഗ്രാമ പഞ്ചായത്ത്**

ISO:9001-2015

തെളിമയോടെ തോളൂർ

# തോളൂർ ഗ്രാമപഞ്ചായത്ത്

## 2026-27 ബജറ്റ് സംഗ്രഹം

| | |
|---|---|
| മുൻബാക്കി | 1,84,78,838 |
| വരവ് | 21,97,78,713 |
| ആകെ വരവ് | 23,82,57,551 |
| ആകെ ചെലവ് | 22,86,09,551 |
| നീക്കി ബാക്കി | 96,48,000 |

| THOLUR GRAMA PANCHAYAT | | | |
|---|---|---|---|
| **DRAFT BUDGET FOR THE YEAR 2026-27** | | | |
| **SL.NO** | **HEAD OF ACCOUNTS** | **BUDGET FOR 2025-2026** | **BUDGET FOR 2026-2027** |
| | **Opening Balance** | **17065070** | **18478838** |
| | **Revenue Receipt - 1** | | |
| | **Tax Revenues - 110** | | |
| 1 | 1100107 Property Tax On Residential Buildings | 2900000 | 2200000 |
| 2 | 1100108 Property Tax On Non-Residential Buildings | 2000000 | 2000000 |
| 3 | 1100102 Service Cess u/s 26 | | 80000 |
| 4 | 1101001 Profession Tax – Employees | 1200000 | 1100000 |
| 5 | 1101002 Profession Tax - Traders/ Institutions | 300000 | 200000 |
| | **Total Tax Revenues** | **6400000** | **5580000** |
| | Fees and User Charges - 140 | | |
| 6 | 1401101 License Fees for IFTEOS | | 200000 |
| 7 | 1401105 License fee for Domestic Animals | 1000 | 1500 |
| 8 | 1401106 License Fees for Domestic Dogs | 1000 | 1000 |
| 9 | 1401166 Other Licensing Fees | | 2000 |
| 10 | 1401201 Fees for Construction of Buildings | 500000 | 300000 |

| | | | |
|---|---|---|---|
| 11 | 1401202 Fees for Installation of Machinery | | 1000 |
| 12 | 1401203 Permit Application fee | 60000 | 30000 |
| 13 | 1401204 Permit Fee for Additional FSI | 5000 | 5000 |
| 14 | 1401302 Fees for Delayed Registration - Birth & Death | 500 | 500 |
| 15 | 1401304 Fee for Marriage Registration | 10000 | 10000 |
| 16 | 1401305 Fee for Non Availability Certificate | 100 | 100 |
| 17 | 1401306 Fee for Correction in Registration | 250 | 250 |
| 18 | 1401399 Fees for Other Certificates or Extracts | 2000 | 2000 |
| 19 | 1401601 Development Charges | 30000 | 0 |
| 20 | 1401701 Regularization Fees | 150000 | 75000 |
| 21 | 1401702 Regularization Fees for Unauthorised Construction | 1000 | 5000 |
| 22 | 1401801 Application Fee | 500 | 500 |
| 23 | 1401802 Application Fee - Unauthorised Construction Regularisation | 250 | 500 |
| 24 | 1402001 Penal Interest | 50000 | 50000 |
| 25 | 1402003 Other Penalities and Fines | 125000 | 75000 |
| 26 | 1402004 Compounding Fee | 500 | 500 |
| 27 | 1402005 Fine for Dumping Waste | 5000 | 5000 |
| 28 | 1402006 Fine imposed by Health Authorities | 5000 | 10000 |
| 29 | 1404002 Notice Fees | 20000 | 20000 |
| 30 | 1404004 Ownership Change Fees - Fine | 30000 | 30000 |

| | | | |
|---|---|---|---|
| 31 | 1404008 Delayed Registration Fees | 2000 | 2000 |
| 32 | 1404009 Search Fees | 250 | 250 |
| 33 | 1405012 Crematorium Fees | 200000 | 200000 |
| 34 | 1405099 Other User Charges | 2500 | 3000 |
| 35 | 1407001 Road Cutting Charges | | 10000 |
| | **Total Fees and User Charges** | **1201850** | **1040100** |
| | Sale and Hire Charges - 150 | | |
| 36 | 1501102 Receipts from Sale of Tender Forms | 5000 | 5000 |
| 37 | 1501202 Receipts from Sale of Scrap | 50000 | 50000 |
| 38 | 1501203 Receipts from auction of obsolete assets | 350000 | 100000 |
| | **Total Sale and Hire Charges** | **405000** | **155000** |
| | Revenue Grants, Contributions and Subsidies - 160 | | |
| 39 | 1601010 Fund for Transferred Functions/ Schemes - Pension for Agricultural Workers/ Labourers | 9729800 | 9600000 |
| 40 | 1601012 Fund for Transferred Functions/ Schemes - Widow Pension | 21982600 | 21600000 |
| 41 | 1601013 Fund for Transferred Functions/ Schemes - Pension for Unmarried women aged above 50 | 2746400 | 3000000 |
| 42 | 1601014 Fund for Transferred Functions/ Schemes - Pension for Differentially Abled | 5477700 | 5520000 |
| 43 | 1601016 Fund for Transferred Functions/ Schemes - Financial Help for Widow's Daughters Marriage | 60000 | 90000 |

| | | | |
|---|---|---|---|
| 44 | 1601018 Fund for Transferred Functions/ Schemes - Old Age Pension | 40241600 | 42000000 |
| 45 | 1601023 General Purpose Fund | 12876000 | 15225000 |
| 46 | 1601080 Fund for Transferred Functions/ Schemes - Sthree Suraksha Scheme | 1506000 | 12000000 |
| | **Total Revenue Grants, Contributions and Subsidies** | **94620100** | **109035000** |
| | Interest Earned - 171 | | |
| 47 | 1711001 Interest from Bank Accounts | 250000 | 250000 |
| | **Total Interest Earned** | **250000** | **250000** |
| | Other Income - 180 | | |
| 48 | 1808099 Miscellaneous Receipts | 10000 | 10000 |
| | **Total Other Income** | **10000** | **10000** |
| | Rental Income - LB Properties - 130 | | |
| 49 | 1301009 Rent from Auditorium and Halls | 30000 | 50000 |
| | **Total Rental Income** | **30000** | **50000** |
| | **Total Revenue Receipt** | **102916950** | **116120100** |
| | **Capital Receipt - 2** | | |
| | Grants, Contribution for Specific Purposes - 320 | | |
| 50 | 3201002 Grants for Specific Purposes - Health Grant Towards support for diagnostic InfraStructure to the PHCs | 200000 | 200000 |

| | | | |
|---|---|---|---|
| 51 | PHCs and Subcentres in to<br>Health and Wellness Centres | | 155000 |
| 52 | 3201004 Central Finance Commission Grant - Tied | 3132000 | 3132000 |
| 53 | 3201005 Central Finance Commission Grant - Untied | 2088000 | 2088000 |
| 54 | 3201020 Integrated Child Development Service | 500000 | 300000 |
| 55 | 3201027 Swaccha Bharat Mission - Grameen | 3148433 | 1000000 |
| 56 | 3201044 Mahatma Gandhi National Rural Employment Scheme (MGNREGS) | 21000000 | 21500000 |
| 57 | 3202001 Development Fund - General | 15274197 | 23216000 |
| 58 | 3202002 Development Fund - Special Component Plan | 6886000 | 7738000 |
| 59 | 3202009 Maintenance Fund - Road Assets | 13500000 | 10807000 |
| 60 | 3202010 Maintenance Fund - Non-Road Assets | 10049954 | 10430000 |
| 61 | 3202017 Grants, Funds & Contributions For Specific Purposes - Other Than Development Fund And State Sponsored Scheme Funds - Local Area Development Fund For Members Of Legislative Assembly | 2080000 | 2000000 |
| 62 | 3201023 Member Of Parliament Local And DevelopmentScheme | | 1000000 |
| 63 | 3202021 Grants, Funds & Contributions For Specific Purposes - Other Than Development Fund And State Sponsored Scheme Funds - Life Mission | 5350000 | 3600000 |
| 64 | 3202028 Grants For Specific Purposes - Disaster Management | 100000 | 0 |
| 65 | 3207002 Contribution - other Funds | 312500 | 0 |
| 66 | 3208010 Beneficiary Contribution | 3097560 | 3392613 |

| | | | |
|---|---|---|---|
| 67 | 3209001 Contribution to Joint Venture Projects from District Panchayat | 7980556 | 5375000 |
| 68 | 3209002 Contribution to Joint Venture Projects from Block Panchayat | 8045100 | 4300000 |
| | **Total Grants, Contribution for Specific Purposes** | **102744300** | **100233613** |
| | Secured Loans - 330 | | |
| 69 | 3305002 Loan from Financial Institutions | 5915674 | 1000000 |
| | **Total Secured Loans** | **5915674** | **1000000** |
| | Deposits Received - 340 | | |
| 70 | 3401001 Earnest Money Deposit | 50000 | 50000 |
| 71 | 3401002 Security Deposit | 75000 | 75000 |
| 72 | 3401003 Retention | 100000 | 100000 |
| 73 | 3402001 Rent Deposit | 50000 | 50000 |
| 74 | 3402002 Auction Deposit | 40000 | 40000 |
| 75 | 3402006 Election Deposit(Candidate) | 200000 | 0 |
| 76 | 3408001 Deposit Received From Halls, Stadiums and Auditoriums | 50000 | 50000 |
| 77 | 3408099 Other deposits received | 50000 | 50000 |
| 78 | Total Deposits Received | 615000 | 415000 |
| 79 | Other Liabilities - 350 | | |
| 80 | 3502025 Recoveries Payable - Income Tax Deducted at Source | 2160 | 0 |
| 81 | 3502028 Recoveries Payable - Other Recoveries | 1248482 | 0 |

| | | | |
|---|---|---|---|
| 82 | 3504101 Advance Collection of Revenues | | 25000 |
| | **Total Other Liabilities** | **1250642** | **25000** |
| | Loans, Advances and Deposits - 460 | | |
| 83 | 4601001 Festival Advance to Employees | 100000 | 100000 |
| 84 | 4605001 Advance to Beneficiary Committee Conveners | | 10000 |
| 85 | 4605002 Advance to Implementing Agencies | | 200000 |
| 86 | 4605003 Advance to Implementing Officers | | 100000 |
| 87 | 4605004 Temporary Advances for Official Purposes | | 25000 |
| 88 | 4605005 Advance to Mahatma Gandhi NREGS/ AUEGS | 1500000 | 1500000 |
| 89 | 4605006 Advance to Allied Institutions | | 50000 |
| | **Total Loans, Advances and Deposits** | **1600000** | **1985000** |
| | **Total Capital Receipt** | **114319897** | **103658613** |
| | **Revenue Expenditure - 3** | | |
| | Establishment Expenses - 210 | | |
| 90 | 2101001 Salaries -Secretary | 1025000 | 1500000 |
| 91 | 2101003 Salaries - Permanent Staff | 6906696 | 9500000 |
| 92 | 2101004 Salaries - Contract Staff | 1280000 | 1500000 |
| 92 | 2101005 Salaries - Temporary Staff | 100000 | 100000 |
| 93 | 2101007 Salaries - Part time Contingent Staff | 190000 | 250000 |

| | | | |
|---|---|---|---|
| 94 | 2101101 Wages | 750000 | 500000 |
| 95 | 2101201 Bonus | 35000 | 40000 |
| 96 | 2101401 Honourarium | 2000 | 200000 |
| 97 | 2102001 Travelling Allowances - Secretary | 70000 | 150000 |
| 98 | 2102003 Travelling Allowances - Permanent Staff | 200000 | 250000 |
| 99 | 2102004 Travelling Allowances - Temporary Staff | 15000 | 30000 |
| 100 | 2102005 Travelling Allowances - Contingent Staff | 3000 | 5000 |
| 101 | 2102006 Other allowances - Secretary | 175000 | 200000 |
| 102 | 2102008 Other allowances - Permanent Staff | 450000 | 500000 |
| 103 | 2102010 Other allowances - Contingent Staff | 45000 | 75000 |
| 104 | 2102014 Monthly Honorarium and Sitting Allowance -Councillors/ Member | 1750000 | 3000000 |
| 105 | 2102016 Other Benefits and Allowances | 10000 | 50000 |
| 106 | 2102017 Festival Allowance | 80000 | 50000 |
| 107 | 2102018 Spectacle allowance | | 15000 |
| 108 | 2102019 Travelling Expense of Chairperson/ President, Deputy Chairperson/ Vice President, Chairperson and Councillors/ members | 125000 | 250000 |
| 109 | 2102020 Telephone Allowance - Secretary | 5000 | 5000 |
| 110 | 2102021 Telephone Allowance - Mayor/ Chairperson/ President | 4000 | 5000 |
| 111 | 2102022 Telephone Allowance - Deputy Mayor/ Vice Chairperson/ Vice President | 4000 | 5000 |
| 112 | 2103001 Employer's Contribution to Pension Fund - Regular Employees | 800000 | 1500000 |

| | | | |
|---|---|---|---|
| 113 | 2103002 Employer's Contribution to Pension Fund - Contingent Employees | 50000 | 100000 |
| 114 | 2103006 Employer's Contribution to NPS - Regular Employees | 250000 | 600000 |
| 115 | 2104001 Terminal Leave Surrender | 100000 | 1500000 |
| | **Total Establishment Expenses** | **14424696** | **21880000** |
| | Administrative Expenses - 220 | | |
| 116 | 2201002 Land Tax/ Basic Tax | | 25000 |
| 117 | 2201101 Office Electricity Expenses | 40000 | 100000 |
| 118 | 2201104 Service Connection Charge (KSEB/ KWA) | 10000 | 100000 |
| 119 | 2201199 Other Office Maintenance Expenses | 100000 | 700000 |
| 120 | 2201201 Telephone Expenses/ Internet Charges | 75000 | 100000 |
| 121 | 2201202 Postage Expenses | 15000 | 100000 |
| 122 | 2201299 Miscellaneous Communication Expenses | 100000 | 50000 |
| 123 | 2202001 Books & Periodicals | 30000 | 50000 |
| 124 | 2202101 Printing & Stationery | 375000 | 500938 |
| 125 | 2204001 Insurance | 25000 | 25000 |
| 126 | 2205101 Miscellaneous Legal Expenses | 100000 | 250000 |
| 127 | 2205201 Professional & Other Fees | 100000 | 150000 |
| 128 | 2206001 Newspaper Advertisement Charges | 100000 | 100000 |
| 129 | 2206002 Keralolsavam Expenses | 31000 | 100000 |
| 130 | 2206099 Other Advertisement & Publicity Charges | 150000 | 200000 |

| | | | |
|---|---|---|---|
| 131 | 2206101 Membership & Subscriptions | 7500 | 50000 |
| 132 | 2208001 Festival Expenses | 100000 | 100000 |
| 133 | 2208002 Workshops and Seminars | 4000 | 50000 |
| 134 | 2208003 Grama Sabha/ Ward Sabha Expenses | 20000 | 30000 |
| 135 | 2208005 Donations And Contributions As Per Government Order | 100000 | 200000 |
| 136 | 2208006 Expenses towards removal of unauthorised hoardings, Boards, Banners etc.. | 5000 | 50000 |
| 137 | 2208099 Miscellaneous Administration Expenses | 450000 | 1000000 |
| 138 | 2302001 Water Charges - Street Tap | 330000 | 700000 |
| | **Total Administrative Expenses** | **2267500** | **4730938** |
| | Operation and Maintenance - 230 | | |
| 139 | 2301001 Electricity Charges for Street Lights | | 2000000 |
| 140 | 2301002 Fuel Charges | 200000 | 250000 |
| 141 | 2301003 Electricity Charges of Other Buildings of LB | 50000 | 100000 |
| 142 | 2304001 Vehicle Hire Charges | 50000 | 75000 |
| 143 | 2304002 Equipment Hire Charges | 5000 | 50000 |
| 144 | 2304099 Other Hire Charges | 5000 | 50000 |
| 145 | 2305301 Repairs & Maintenance - Vehicles | 175000 | 200000 |
| 146 | 2305901 Repairs & Maintenance - Machinery | 50000 | 50000 |
| 147 | 2305902 Repairs & Maintenance - Office Equipments | 125000 | 200000 |

| | | | |
|---|---|---|---|
| 148 | 2305909 Other Repairs & Maintenance | 30000 | 30000 |
| 149 | 2308005 Expenses relating to collection of Taxes | 85000 | 100000 |
| 150 | 2308010 Extra - ordinary Expenses | 200000 | 300000 |
| 151 | 2308011 Expenses For Removal Of Unauthorized Construction | 10000 | 10000 |
| 152 | 2308013 Sanitation Expenses | 25000 | 200000 |
| 153 | 2308099 Other Operating & Maintenance Expenses | 300000 | 500000 |
| 154 | 2308201 Refreshment Charges | 100000 | 150000 |
| | **Total Operation and Maintenance** | **1410000** | **4265000** |
| | Programe Expenses - 250 | | |
| 155 | 2501001 Election Expenses | 50000 | 50000 |
| 156 | 2502001 Expenditure on Poverty Eradication Program | 21000000 | 21500000 |
| 157 | **Total Programe Expenses** | **21050000** | **21550000** |
| 158 | **Total Annual plan expenditure (Productive sector+Service Sector+Infrastructure Sector)** | | **78733613** |
| | Expenses related to State Sponsored Schemes - 254 | | |
| 159 | 2540103 Financial help to widows towards marriage expenses of daughters | 60000 | 90000 |
| 160 | 2540111 Programmes/ Expenditures of Transferred Functions/ Schemes - Pension for Agricultural Workers/ Labour | 9729800 | 9600000 |
| 161 | 2540113 Programmes/ Expenditures of Transferred Functions/ Schemes - Widow Pension | 21982600 | 21600000 |

| | | | |
|---|---|---|---|
| 162 | 2540114 Programmes/ Expenditures of Transferred Functions/ Schemes - Pension for Unmarried women aged above 50 | 2746400 | 3000000 |
| 163 | 2540115 Programmes/ Expenditures of Transferred Functions/ Schemes - Pension for Differentially Abled | 5477700 | 5520000 |
| 164 | 2540118 Programmes/ Expenditures of Transferred Functions/ Schemes - Old Age Pension | 40241600 | 42000000 |
| 165 | 2540138 Programmes/ Expenditures of Transferred Functions/ Schemes - Sthree Suraksha Scheme | 1506000 | 12000000 |
| | **Total Expenses related to State Sponsored Schemes** | **81744100** | **93810000** |
| | Prior Period Items - 280 | | |
| 166 | 2808001 Prior Period Expenses | 74595 | 200000 |
| | **Total Prior Period Items** | **74595** | **200000** |
| | **Total Revenue Expenditure** | **186963153** | |
| | **Capital Expenditure - 4** | | |
| | Refund of Deposits - 340 | | |
| 167 | 3401001 Earnest Money Deposit | 50000 | 50000 |
| 168 | 3401002 Security Deposit | 75000 | 75000 |
| 169 | 3401003 Retention | 100000 | 100000 |
| 170 | 3402001 Rent Deposit | 50000 | 50000 |
| 171 | 3402002 Auction Deposit | 40000 | 40000 |

| | | | |
|---|---|---|---|
| 172 | 3402006 Election Deposit(Candidate) | 10000 | |
| 173 | 3408001 Deposit Received From Halls, Stadiums and Auditoriums | 10000 | 50000 |
| 174 | 3408099 Other deposits received | 50000 | 50000 |
| | **Total Refund of Deposits** | **385000** | **415000** |
| | Loans, Advances and Deposits - 460 | | |
| 175 | 3305003 Loan from K.U.R.D.F.C | | 1000000 |
| 176 | 3504101 Advance Collection of Revenues | | 25000 |
| 177 | 4601001 Festival Advance to Employees | 100000 | 100000 |
| 178 | 4605001 Advance to Beneficiary Committee Conveners | | 25000 |
| 179 | 4605002 Advance to Implementing Agencies | | 200000 |
| 180 | 4605003 Advance to Implementing Officers | | 100000 |
| 181 | 4605004 Temporary Advances for Official Purposes | | 25000 |
| 182 | 4605005 Advance to Mahatma Gandhi NREGS/ AUEGS | 1260000 | 1500000 |
| 183 | 4605006 Advance to Allied Institutions | | 50000 |
| | **Total Loans, Advances and Deposits** | **1360000** | **3025000** |
| | **Total Capital Expenditure** | **28859926** | |
| | **Total Expenditure** | **215823079** | **228609551** |
| | **Total Receipts** | **217236847** | **238257551** |

| | | | |
|---|---|---|---|
| | **Closing Balance** | **18478838** | **9648000** |